**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3540** **08-10-2025 - ൽ മറുപടിയ്ക്ക്**

**അഷ്ടമുടിക്കായലിന്റെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. ആർ. മഹേഷ്** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | അഷ്ടമുടിക്കായലിന്റെ സംരക്ഷണത്തിനായി പ്രത്യേക അഷ്ടമുടി വെറ്റ്ലാൻഡ് മാനേജ്മെന്റ് അതോറിറ്റി രൂപീകരിക്കണമെന്ന കേരള ഹൈക്കോടതിയുടെ ഡബ്ല്യൂ.പി.(സി) 18400/2024 ലെ വിധിന്യായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിൽ നാളിതുവരെ സ്വീകരിച്ച നടപടി എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | അഷ്ടമുടിക്കായൽ സംരക്ഷിക്കുന്നതിനും, പരിപാലനത്തിനും, മേൽനോട്ടത്തിനുമായി അഷ്ടമുടി വെറ്റ്ലാൻഡ് മാനേജ്മെന്റ് അതോറിറ്റി രൂപീകരിക്കണമെന്ന് ബഹു. കേരള ഹൈക്കോടതിയുടെ 10.06.2025 തീയതിയിലെ WP(C) 18400/2024 നമ്പർ കേസിന്മേലുള്ള വിധിന്യായത്തിൽ പരിസ്ഥിതി വകുപ്പിന് നിർദ്ദേശം നൽകി ഉത്തരവായിട്ടുള്ളതാണ്. മേൽ വിഷയം പരിസ്ഥിതി വകുപ്പിൽ പരിശോധിച്ച വരികയാണ്. |
| (ബി) | ഹൈക്കോടതി ഉത്തരവ് പ്രകാരം പ്രസ്തുത അതോറിറ്റിക്ക് വേണ്ടിയുള്ള ഓഫീസ് സൗകര്യങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | ഹൈക്കോടതി ഉത്തരവ് പ്രകാരം പ്രസ്തുത അതോറിറ്റിയിലേക്ക് അംഗങ്ങളെ നാമനിർദേശം ചെയ്യുന്ന നടപടി പൂർത്തീകരിച്ചിട്ടുണ്ടോ; | (സി) | ഇല്ല. |
| (ഡി) | ഹൈക്കോടതി ഉത്തരവ് പ്രകാരം അഷ്ടമുടി വെറ്റ്ലാൻഡ് മാനേജ്മെന്റ് അതോറിറ്റിക്ക് പരാതി പരിഹാര സംവിധാനത്തോടുകൂടിയ പ്രത്യേക വെബ്സൈറ്റ്/വെബ്പേജ് ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ഡി) | ഇല്ല. |
| (ഇ) | അഷ്ടമുടിക്കായലിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുവാൻ സ്വീകരിച്ച വരുന്ന നടപടി വിശദമാക്കാമോ; ഇത് ത്വരിതപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ഇ) | അഷ്ടമുടിക്കായലിന്റെ ജൈവവൈവിധ്യ സംരക്ഷണവും അവ നൽകുന്ന പരിസ്ഥിതി സേവനങ്ങളും സംരക്ഷിക്കുന്നതിനും, പരിപാലിക്കുന്നതിനും വേണ്ടിയാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അംഗീകരിച്ച സമഗ്ര പരിപാലന പരിപ്രേഷ്യം (IMP) നടപ്പാക്കുന്നത്. ഇതിൽ അഷ്ടമുടിക്കായലിന്റെ മലിനീകരണം തടയുന്നതിനും, കണ്ടൽ വനങ്ങൾ സംരക്ഷിക്കുന്നതിനും വേണ്ട പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള പദ്ധതികൾ ഉൾപ്പെട്ടിട്ടുണ്ട്. |

കൂടാതെ അഷ്ടമുടിക്കായലിന്റെ തീരത്തോട് ചേർന്ന് കണ്ടെത്തിയ 234 അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് 10.06.2025 തീയതിയിലെ WP(C) 18400/2024 നമ്പർ കേസിന്മേലുള്ള ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഉത്തരവിൻ പ്രകാരം കൊല്ലം സബ് കളക്ടർക്ക് നിർദ്ദേശം നൽകിയിരുന്നതും, ആയതിന്റെ അടിസ്ഥാനത്തിൽ ഒരു സ്പെഷ്യൽ സർവേ ടീമിനെ നിയോഗിച്ച് കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിലേയ്ക്ക് നടപടികൾ സ്വീകരിച്ചിട്ടുള്ളതും, കയ്യേറ്റങ്ങൾ ഒഴിപ്പിച്ചിട്ടുള്ളതുമാണ്.

കൊല്ലം താലൂക്കിലെ പനയം, ശക്തികുളങ്ങര, തൃക്കടവൂർ, കൊല്ലം വെസ്റ്റ്, കൊല്ലം ഈസ്റ്റ്, പേരയം, പെരിനാട്, തൃക്കരുവ എന്നീ വില്ലേജുകളിലും, കരുനാഗപ്പള്ളി താലൂക്കിലെ ചവറ, തെക്കുംഭാഗം എന്നീ വില്ലേജുകളിലും കണ്ടെത്തിയ കയ്യേറ്റങ്ങളുടെയും ഒഴിപ്പിച്ച കയ്യേറ്റങ്ങളുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പനയം വില്ലേജിൽ കണ്ടെത്തിയ 38 കയ്യേറ്റങ്ങളിൽ 23 കേസുകളിൽ കയ്യേറ്റം ഒഴിപ്പിച്ചിട്ടുള്ളതും, 13 കേസുകളിൽ നിലവിൽ കയ്യേറ്റം ഇല്ലാത്തതും, അവശേഷിക്കുന്ന 2 കേസുകളിൽ കക്ഷി ആക്ഷേപം ഉന്നയിച്ചിട്ടുള്ളതും തുടർനടപടികൾക്കായി പനയം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്.

ശക്തികുളങ്ങര വില്ലേജിൽ കണ്ടെത്തിയ 9 കയ്യേറ്റങ്ങളിൽ 8 കയ്യേറ്റങ്ങൾ ഒഴിപ്പിച്ചിട്ടുള്ളതും, അവശേഷിക്കുന്ന ഒരു കേസിൽ കയ്യേറ്റം ഇല്ലാത്തതുമാണ്.

തൃക്കരുവ വില്ലേജിൽ കണ്ടെത്തിയ 33 കയ്യേറ്റങ്ങളിൽ 19 കയ്യേറ്റങ്ങൾ ഒഴിപ്പിച്ചിട്ടുള്ളതും, 14 കേസുകളിൽ നിലവിൽ കയ്യേറ്റം ഇല്ലാത്തതുമാണ്.

തൃക്കടവൂർ വില്ലേജിൽ കണ്ടെത്തിയ 24 കയ്യേറ്റങ്ങളിൽ 20 കേസുകളിൽ കയ്യേറ്റം ഒഴിപ്പിച്ചിട്ടുള്ളതും, 3 കേസുകളിൽ കയ്യേറ്റം ഇല്ലാത്തതും, ഒരു കേസിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ നിലവിൽ ഉള്ളതുമാണ്.

കൊല്ലം ഈസ്റ്റ് വില്ലേജിൽ കണ്ടെത്തിയ 50 കയ്യേറ്റങ്ങളിൽ 20 കേസുകളിൽ കയ്യേറ്റങ്ങൾ ഒഴിപ്പിച്ചിട്ടുള്ളതും, 13 കേസുകളിൽ കയ്യേറ്റം ഇല്ലാത്തതും, അവശേഷിക്കുന്ന 14 കേസുകളിൽ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ തുടർന്നു വരുന്നതുമാണ്.

| | | | |
|---|---|---|---|
| | | | പേരയം വില്ലേജിൽ കണ്ടെത്തിയ 63 കയ്യേറ്റങ്ങളിൽ 37 കേസുകളിൽ കയ്യേറ്റം ഒഴിപ്പിച്ചിട്ടുള്ളതും, 26 കേസുകളിൽ കയ്യേറ്റം ഇല്ലാത്തതുമാണ്.<br><br>കൊല്ലം വെസ്റ്റ് വില്ലേജിൽ കണ്ടെത്തിയ 11 കയ്യേറ്റങ്ങളും പെരിനാട് വില്ലേജിലെ ഒരു കയ്യേറ്റവും ഒഴിപ്പിച്ചിട്ടുള്ളതാണ്.<br><br>ചവറ വില്ലേജിൽ കണ്ടെത്തിയ കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br><br>തെക്കുംഭാഗം ഗ്രാമപഞ്ചായത്തിൽ കണ്ടെത്തിയ 4 കയ്യേറ്റങ്ങളിൽ അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് റവന്യൂ-പഞ്ചായത്ത്-പോലീസ് ഉദ്യോഗസ്ഥർ സംയുക്തമായി സർവേ വിഭാഗത്തിന്റെ സാന്നിദ്ധ്യത്തിൽ അതിർത്തി കല്ലും, ബോർഡുകളും സ്ഥാപിക്കുകയും അനധികൃത നിർമ്മാണങ്ങൾ പൊളിച്ചുമാറ്റുന്നതിന് മുന്നോടിയായി അനധികൃത കയ്യേറ്റങ്ങൾ നീക്കം ചെയ്യൽ ചട്ടങ്ങൾ പ്രകാരം നോട്ടീസുകൾ നൽകിയിട്ടുള്ളതായും കയ്യേറ്റ ഭൂമിയിലെ എടുപ്പുകൾ പഞ്ചായത്ത് ആസ്തിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചും വരുന്നുണ്ട്.<br><br>അഷ്ടമുടി കായലിലെ കയ്യേറ്റം തിട്ടപ്പെടുത്തുന്നതിന് പ്രത്യേകം സർവേ ടീമിനെ നിയോഗിച്ചിരുന്നതും കായലുകൾ, തോടുകൾ എന്നിവ പഞ്ചായത്ത്, കോർപ്പറേഷൻ എന്നിവയുടെ ആസ്തിയിൽ ഉൾപ്പെട്ട ഭൂമിയായതിനാൽ അവയിലെ കയ്യേറ്റം ഒഴിപ്പിക്കുവാനുള്ള അധികാരം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആയതിനാൽ ടി സർവേ ടീം തയ്യാറാക്കിയ സ്കെച്ച് തുടർനടപടി സ്വീകരിക്കുന്നതിനായി പഞ്ചായത്ത് - കോർപ്പറേഷൻ സെക്രട്ടറിമാർക്ക് കൈമാറിയിട്ടുള്ളതും, ഒഴിപ്പിക്കൽ നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ